# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6839 10.07.2014 - ൽ മറുപടിക്ക്

## ആലപ്പുഴ നഗരസഭയിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) ആലപ്പുഴ നഗരസഭയിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ നഗരസഭയിലെ കുടിവെള്ളക്ഷാമത്തിനു കാരണം ഭൂഗർഭജലത്തെ ആശ്രയിച്ചുള്ള കുഴൽകിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് എന്നതാണ്. കാലപ്പഴക്കം കൊണ്ട് കുഴൽകിണർ തകരാറിലാകുന്നതിനാൽ പുതിയ കിണർ സ്ഥാപിക്കുന്നതുവരെ ടി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. കാലപ്പഴക്കം ചെന്ന കിണറുകളിൽ സുനാമിക്കു ശേഷം ഗ്രൗഡ് വാട്ടർ ലെവൽ താഴുന്നതും ജലലഭ്യതയ്ക്ക് കുറവു വരാൻ കാരണമായിട്ടുണ്ട്. |
| (ബി) ഏതെല്ലാം പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നാണ് ആലപ്പുഴ നഗരസഭയിലേക്ക് വെള്ളം പമ്പുചെയ്യുന്നത്; | (ബി) തൂക്കുകുളം (എൻ), ചുടുകാട്, പഴവീട്, ഇ.എസ്.ഐ., വലിയകുളം കോൺവന്റ് സ്ക്വയർ, ആലിശ്ശേരി, വെള്ളക്കിണർ, വഴിച്ചേരി, ചന്ദനക്കാവ് ജംഗ്ഷൻ, ചന്ദനക്കാവ് ക്വാർട്ടേഴ്സ്, പഴവങ്ങാടി ജംഗ്ഷൻ, പഴവങ്ങാടി ക്വാർട്ടേഴ്സ്, വടികാട്, ചാത്തനാട്, പൂന്തോപ്പ്, കനാൽ വാർഡ്, കൊമ്മാടി, കരളകം പാടം, വേലിയാകുളം എന്നീ പമ്പ് ഹൗസുകളിൽ നിന്നുമാണ് ആലപ്പുഴ നഗരസഭയിലേക്ക് പമ്പിംഗ് നടക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പമ്പിംഗ് സ്റ്റേഷനുകളിലെ എത്ര കിണറുകൾ തകരാറിലാണ്; തകരാർ പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഇ.എസ്.ഐ., ചുടുകാട് ജംഗ്ഷൻ എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ തകരാറിലാണ്. വരൾച്ച പദ്ധതി 2014 പ്രകാരം രണ്ട് സ്ഥലത്തും പുതിയ കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അനുമതിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ